**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2104** **14-10-2024 - ൽ മറുപടിയ്ക്ക്**

**വെൺപകൽ പ്രാഥമിക ആരോഗ്യകേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വെൺപകൽ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ച ഐസോലേഷൻ വാർഡിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ഏജൻസിയ്ക്ക് നേരിട്ട പ്രതിസന്ധി കാരണം നിർമ്മാണ പ്രവൃത്തിളിൽ കാലതാമസം ഉണ്ടായിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രവൃത്തി ആരംഭിച്ച് രണ്ട് വർഷമായിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കരാറുകാരന്റെ പേരിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി നാലാം ഘട്ടമായാണ് പ്രവൃത്തി ഉത്തരവ് നൽകിയത്. 18.07.2022 -ന് ആണ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനായി കരാർ ഏജൻസിക്ക് സൈറ്റ് കൈമാറിയത്. കരാർ കാലാവധിക്കുള്ളിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാത്തതിനാൽ കരാർ ഏജൻസിക്ക് 18.06.2024 തീയതിയിൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. തുടർന്ന് വിവിധ മീറ്റിംഗുകൾ കൂടുന്നത് ഉൾപ്പെടെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ